**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അച്ചടക്ക നടപടി - നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - പൊന്നാനി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ഡി.സാജുവിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2880/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.11.2018**

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.09.2016 ലെ - തീയതിയിലെE26(SC6/2016/NRK)25598/16/U.A നമ്പർ കത്ത്.

2) സർക്കാരിന്റെ 8/09/2017 തീയതിയിലെ ഇയു1/212/12017 തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റപത്രത്തിന് ശ്രീ. സാജു സമർപ്പിച്ച 26/10/2017 തിയതിയിലെ പ്രതിവാദ പത്രിക.

4) നഗരകാര്യ ഡയറക്ടറുടെ 1/06/2018 തീയതിയിലെ വി2-31999/17 നമ്പർ കത്ത്.

**ഉത്തരവ്**

പൊന്നാനി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 16/01/2016 തീയതിയിൽ നടത്തിയ പരിശോധനയിൽ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററും ഇൻവേർഡ് രജിസ്റ്ററും സൂക്ഷിക്കുന്നതിലും ബിൽഡിംഗ്, ഡി&ഒ ലൈസൻസ് എന്നിവ അനുവദിക്കുന്നതിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തുകയും മുൻസെക്രട്ടറിമാരായ ശ്രീ.വി.ജെ കുര്യൻ, ശ്രീ. ഡി. സാജു എന്നിവർക്കെതിരെ പരാമർശം (1) പ്രകാരം വകുപ്പ്തല അച്ചടക്കനടപടിക്ക് ശുപാർശ ചെയ്തിരുന്നു. ശ്രീ.വി.ജെ കുര്യൻ 30.04.2017 തീയതിയിൽ സർവീസിൽ നിന്നും വിരമിച്ച സാഹചര്യം കണക്കിലെടുത്ത് ടിയാനെ അച്ചടക്കനടപടികളിൽ നിന്ന് ഒഴിവാക്കുകയും ശ്രീ. ഡി.സാജുവിന് പരാമർശം(2) പ്രകാരം കുറ്റാരോപണ പത്രം നൽകുകയുംചെയ്തിരുന്നു.

10/09/2015 മുതൽ 13/01/2016 വരെ നാലുമാസമാണ് പൊന്നാനി നഗരസഭയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതെന്നും ആ കാലയളവിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിയുടെ ആഫീസിൽ സൂക്ഷിച്ചിരുന്നതായും താൻ വിടുതൽ ചെയ്തതിനുശേഷമാണ് 16/01/2016 തീയതിയിൽ വിജിലൻസ് പരിശോധന നടന്നിട്ടുള്ളതെന്ന് ബോധിപ്പിച്ചിരിക്കുന്നു. താൻ സെക്രട്ടറിയായി ചുമതല ഏറ്റെടുത്തതിനുശേഷം മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 20(2) പ്രകാരം ജീവനക്കാരുടെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ഇൻവേഡ് രജിസ്റ്റർ എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാനും പരിപാലിക്കുവാനുമായി അന്നത്തെ ജനറൽ സെക്ഷൻ സൂപ്രണ്ട് ശ്രീ. പി സുധാകരനെ ചുമതലപ്പെടുത്തിയിരുന്നതായും കെട്ടിട നിർമ്മാണ പെർമ്മിറ്റ് അപേക്ഷകളിൽ 300 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുവാൻ നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നതായും സെക്രട്ടറി നിർമ്മാണാനുമതി നൽകേണ്ടിയിരുന്ന 300 സ്ക്വയർ മീറ്ററിന് മുകളിലുള്ള KMBR പാലിച്ച കെട്ടിടങ്ങളുടെ നിർമ്മാണാനുമതി പെൻഡിംഗ് ഇല്ലായിരുന്നുവെന്നും ഡി&ഒ ലൈസൻസ് മാർച്ച്,

ഏപ്രിൽ മാസങ്ങളിലാണ് നൽകുന്നതെന്നും താൻ സെപ്റ്റംബറിലാണ് സെക്രട്ടറിയായി ചാർജ്ജെടുക്കുന്നതെന്നും കൂടാതെ ഡി&ഒ ലൈസൻസ് നൽകുന്നതിനുള്ള ചുമതല ഹെൽത്ത് വിഭാഗം മേധാവിക്ക് നൽകിയിരുന്നതായും മുനിസിപ്പാലിറ്റി ചട്ടം 50(2) പ്രകാരം ഏൽപ്പിക്കപ്പെട്ട അധികാരം വിനിയോഗിക്കുന്നതിനുള്ള ചുമതലയും അതുമൂലമുണ്ടാകുന്ന ബാധ്യതയും പ്രസ്തുത ഉദ്യോഗസ്ഥർക്ക് മാത്രമാണെന്നും അതിനാൽ യാതൊരുവിധ ചട്ടലംഘനവും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നും പരാമർശം (3) പ്രകാരം ശ്രീ. സാജു ബോധിപ്പിച്ചിരുന്നു.

നഗരസഭയിലെ ഫയൽ പരിശോധിച്ചതിൽ നിന്നും ചുമതലകൾ താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് വിഭജിച്ചു നൽകിയിരുന്നുവെന്ന് ശ്രീ സാജു നൽകിയ മറുപടി ശരിയാണെന്ന് കാണുന്നതായും കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച് ശ്രീ സാജു നൽകിയ മറുപടി 2015-16 ലെ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതുപ്രകാരം അംഗീകരിക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ കീഴ് ജീവനക്കാർക്ക് ചുമതല വിഭജിച്ച് നൽകി ഉത്തരവിറക്കുന്നതിനോടൊപ്പം സൂപ്പർവിഷൻ ചുമതല ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ശ്രീ.സാജുവിന് നൽകാവുന്നതാണെന്നും പ്രസ്തുത വിഷയത്തിൽ പരാമർശം (4) പ്രകാരം നഗരകാര്യഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരുന്നു.

വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട്, കുറ്റാരോപണ പത്രികയ്ക്ക് നൽകിയ പ്രതിവാദപത്രിക, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഡി.സാജു, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) പ്രകാരം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നാലും നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഡെലിഗേറ്റ് ചെയ്ത വിഷയങ്ങളിന്മേൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ് . ഇതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സാഹചര്യത്തിൽ ശ്രീ.ഡി.സാജുനിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, KCS(CC& A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നഗരകാര്യ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ഡി.സാജു , മുൻ സെക്രട്ടറി, പൊന്നാനി മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി,പൊന്നാനി മുനിസിപ്പാലിറ്റി.
വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-10970/D1/2016/Vig. Dated 14.11.2016)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**